"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരളോത്സവം - കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടത്തുന്ന കേരളോത്സവം - 2026 സംഘടിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയും, ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത്/പ്ലാൻ ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് അനുമതി നൽകിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ.) വകുപ്പ്**

സ.ഉ.(സാധാ) നം.1826/2026/LSGD തീയതി,തിരുവനന്തപുരം, 27-09-2026

---

പരാമർശം:-
1. സ.ഉ.(സാധാ) നം. 1658/2025/ LSGD തീയതി 04/07/2025.
2. സ.ഉ.(സാധാ) നം. 127/2026/ S&YA തീയതി 13/08/2026.
3. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 05/09/2026 ലെ പി1-1643/2026 വൈ.ഡബ്ള്യു.ബി. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഗ്രാമ പഞ്ചായത്ത് തലം മുതൽ സംസ്ഥാനതലം വരെ സംഘടിപ്പിക്കുന്ന കേരളോത്സവം 2026- ന്റെ മത്സരങ്ങൾ ഒക്ടോബർ മാസത്തോടെ ആരംഭിക്കേണ്ടതുണ്ടെന്നും, താഴെപ്പറയും പ്രകാരമുള്ള സമയക്രമത്തിലാണ് കേരളോത്സവം സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും പരാമർശം (3) പ്രകാരം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് മെമ്പർ സെക്രട്ടറി അറിയിക്കുകയുണ്ടായി.

<u>കേരളോത്സവം സംഘടിപ്പിക്കുന്നതിനുള്ള സമയക്രമം</u>

| ക്രമ നമ്പർ | തലം | സമയ ക്രമം | സംഘാടന ചുമതല |
|---|---|---|---|
| 1 | ഗ്രാമ പഞ്ചായത്ത് തലം | 2026 ഒക്ടോബർ 1 മുതൽ നവംബർ 15 വരെ | ഗ്രാമ പഞ്ചായത്ത് |
| 2 | മുനിസിപ്പാലിറ്റി തലം | 2026 ഒക്ടോബർ 1 മുതൽ നവംബർ 10 വരെ | മുനിസിപ്പാലിറ്റി |

| | | | |
|---|---|---|---|
| 3 | കോർപ്പറേഷൻ തലം | 2026 ഒക്ടോബർ 1 മുതൽ നവംബർ 10 വരെ | കോർപ്പറേഷൻ |
| 4 | ബ്ലോക്ക് പഞ്ചായത്ത് തലം | 2026 നവംബർ 12 മുതൽ ഡിസംബർ 5 വരെ | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് & ബ്ലോക്ക് പഞ്ചായത്ത് |
| 5 | ജില്ലാ പഞ്ചായത്ത് തലം | 2026 ഡിസംബർ 6 മുതൽ ഡിസംബർ 20 വരെ | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് & ജില്ലാ പഞ്ചായത്ത് |
| 6 | സംസ്ഥാനതലം | 2026 ഡിസംബർ അവസാനവാരം | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് |

2. കേരളോത്സവം സംഘടിപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിനായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന് ഈ സാമ്പത്തിക വർഷം പരാമർശം (2) പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

3. കേന്ദ്ര കായിക യുവജന മന്ത്രാലയം സംഘടിപ്പിക്കുന്ന ദേശീയ യുവോത്സവം എല്ലാ വർഷവും ജനുവരി 12 മുതൽ 16 വരെയാണ് സംഘടിപ്പിക്കുന്നതെന്നും, കേരളോത്സവത്തിലെ സംസ്ഥാനതല വിജയികളാണ് ദേശീയ യുവോത്സവത്തിൽ പങ്കെടുക്കുന്നതെന്നും, ആയതിനാൽ ഈ വർഷത്തെ കേരളോത്സവം 2026 ഡിസംബർ മാസത്തിൽ പൂർത്തീകരിച്ചാൽ മാത്രമേ ദേശീയ തലത്തിൽ കേരളാ ടീമിനെ പങ്കെടുപ്പിക്കാൻ സാധിക്കുകയുള്ളൂവെന്നും കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് മെമ്പർ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

4. ഈ വർഷത്തെ കേരളോത്സവം മേൽ പട്ടികയിലെ സമയക്രമ പ്രകാരം സംഘടിപ്പിക്കേണ്ടതുണ്ടെന്നും ആയതിനാൽ നിശ്ചിത സമയപരിധിക്കുള്ളിൽ പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ തല മത്സരങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച്, വിജയികളെ അടുത്ത തലത്തിലേയ്ക്ക് ഓൺലൈൻ ആപ്ലിക്കേഷനിലൂടെ തെരഞ്ഞെടുത്ത് നൽകാനുള്ള നിർദേശം നൽകുന്നതിനായും, കേരളോത്സവം സംഘടിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന യുവജനക്ഷേമ ബോർഡിൽ നിന്നും ഗ്രാന്റ് അനുവദിക്കുന്നതിന് പുറമെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തങ്ങളുടെ തനത് ഫണ്ടിൽ നിന്നോ പ്ലാൻ ഫണ്ടിൽ നിന്നോ തുക വിനിയോഗിക്കുന്നതിനായും അനുമതി നൽകണമെന്ന് പരാമർശം (3) പ്രകാരം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് മെമ്പർ സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ, ഗ്രാമ പഞ്ചായത്ത് തലം മുതൽ സംസ്ഥാനതലം വരെ നടത്തുന്ന കേരളോത്സവം 2026 സംഘടിപ്പിക്കുന്നതിന് മേൽ പട്ടിക പ്രകാരമുള്ള

സമയക്രമം അനുസരിച്ച് കേരളോത്സവം സംഘടിപ്പിച്ച് വിജയികളെ അടുത്ത തലത്തിലേക്ക് ഓൺലൈൻ ആപ്ലിക്കേഷനിലൂടെ തെരഞ്ഞെടുത്ത് നൽകുന്നതിനും, മുൻവർഷത്തെ (2025 - 26) തുകയിൽ വർദ്ധനവ് വരുത്താതെ, ചുവടെ ചേർത്തിട്ടുള്ള പട്ടികയിൽ സൂചിപ്പിക്കുന്ന നിരക്കിൽ പരിമിതപ്പെടുത്തിക്കൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് / പ്ലാൻ ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| തദ്ദേശ സ്വയംഭരണ സ്ഥാപനം | തുക |
|---|---|
| ഗ്രാമ പഞ്ചായത്ത് | 1,50,000/- രൂപ |
| മുനിസിപ്പാലിറ്റി | 2,00,000/- രൂപ |
| കോർപ്പറേഷൻ | 2,50,000/- രൂപ |
| ബ്ലോക്ക് പഞ്ചായത്ത് | 1,50,000/- രൂപ |
| ജില്ലാ പഞ്ചായത്ത് | 4,00,000/- രൂപ |

6. ഇങ്ങനെ ധനവിനിയോഗം ചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ധനവിനിയോഗം സംബന്ധിച്ച മറ്റെല്ലാ നിബന്ധനകളും കർശനമായി പാലിച്ചിരിക്കേണ്ടതും വരവ് ചെലവ് കണക്കുകളുടെ കമ്മിറ്റി / കൗൺസിൽ അംഗീകരിച്ച പ്രസ്താവനകളും ധനവിനിയോഗ സാക്ഷ്യപത്രവും കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ നൽകേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡി ധർമലശ്രീ ഐ എ എസ്

ജോയിന്റ് സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
2.മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്
3.അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്,ഇ.ആർ.എസ്.എ)കേരളം,തിരുവനന്തപുരം
4.എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
5.വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6.കരുതൽ ഫയൽ / ഓഫീസ് കോപ്പി (LSGD-IA2/165/2026-LSGD)

ഉത്തരവിൻ പ്രകാരം

Digitally signed by
Satheesh Kumar S
Date: 28-09-2026
11:43:35

സെക്ഷൻ ഓഫീസർ

പകർപ്പ്

1. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. ബഹു. കായിക യുവജനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. കായികവും യുവജനകാര്യവും (ബി) വകുപ്പിന്.